പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

11.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 997

## ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ജി.എസ്. ജയലാൽ** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| എ) | കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗത്ത് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാഥമിക നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | എ) | കൊല്ലം പരവൂർ തെക്കുംഭാഗത്ത് ഒരു മിനി ഫിഷറി ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാഥമിക നടപടികൾ 2008 ൽ ആരംഭിച്ചിട്ടുണ്ട് |
| ബി) | ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാരംഭനടപടികളുടെ ഭാഗമായുള്ള സാദ്ധ്യതാ പഠനങ്ങളുടേയും വിലയിരുത്തലുകളുടേയും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മേൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; | ബി) | ടി ഫിഷറി ഹാർബർ സ്ഥാപിക്കുന്നതിലേക്കുള്ള പ്രാരംഭ നടപടികളായ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മാതൃകാ പഠനത്തിനായി CWPRS നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. നാല് മാസത്തിനുള്ളിൽ പഠനം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | സാദ്ധ്യതാ പഠന ആവശ്യത്തിലേക്കായി നാളിതുവരെ എത്ര രൂപ അനുവദിച്ചുവെന്നും ഇതിൽ എത്ര രൂപ വിനിയോഗിച്ചുവെന്നും അറിയിക്കുമോ; | സി) | കൊല്ലം സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനങ്ങൾക്കായി 81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 5531850/ രൂപ ചെലവായിട്ടുണ്ട്. |
| ഡി) | ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് | ഡി) | മാതൃകാ പഠനം പൂർത്തിയായ ശേഷം പരിസ്ഥിതികാഘാത |

| | | | |
|---|---|---|---|
| | നാളിതുവരെ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനത്തിൽ എത്തിയിട്ടുണ്ടോ; പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | പഠനം, CRZ ക്ലിയറൻസ്, പാരിസ്ഥിതികാനുമതി എന്നിവയാണ് പൂർത്തീകരിക്കുവാനുള്ളത്. ഇവ പൂർത്തീകരിക്കുവാൻ ഏകദേശം ഒന്നര വർഷം ആവശ്യമാണ്. ടി പഠനങ്ങൾ പൂർത്തിയായ ശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി, കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ